# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2671 09.05.2017-ൽ മറുപടിയ്ക്ക്

## ത്രിതല പഞ്ചായത്ത് സംവിധാനം വഴി വരൾച്ച നേരിടാനുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ത്രിതല പഞ്ചായത്തിന്റെ നേതൃത്വത്തിൽ വരൾച്ച നേരിടാനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്; പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (എ) | പഞ്ചായത്ത് പ്രദേശങ്ങളിൽ ജല ലഭ്യത ഉറപ്പ വരുത്തുന്നതിന് പൊതു കുളങ്ങൾ, പൊതു കിണറുകൾ എന്നിവ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. വാഹനങ്ങളിൽ ജല വിതരണം നടത്തിവരുന്നു. നീർക്കുഴികൾ തടയണകൾ തട്ട തിരിക്കൽ, തോടുകളും കുളങ്ങളും ആഴം കൂട്ടൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br>പട്ടാമ്പി മണ്ഡലത്തിൽ വരൾച്ച നേരിടുന്നതിനായി നിലവിലുള്ള കുടിവെള്ള പദ്ധതികൾ കാര്യക്ഷമമാക്കൽ വാട്ടർ ടാങ്കുകളിൽ കുടിവെള്ള വിതരണം കിണർ റീ-ചാർജ്ജിംഗ്, മഴക്കുഴികളുടെ നിർമ്മാണം, ജലസേചന കനാലുകളുടെ പുനരുദ്ധാരണം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ഭൂഗർഭ ജലം ഭീതിദമായ വിധത്തിൽ താഴ്ന്നുകൊണ്ടിരിക്കുന്ന ഈ അവസ്ഥയിൽ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനായി വെള്ളം റീചാർജ് ചെയ്യുന്നതുൾപ്പെടെയുള്ള എന്തെല്ലാം നടപടികളാണ് ത്രിതല പഞ്ചായത്ത് സം വിധാനം വഴി നടപ്പിലാക്കാൻ സാധിക്കുന്നത്? | (ബി) | സംസ്ഥാനം നേരിടുന്ന വരൾച്ചയ്ക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും പൊതുജനത്തിന്റെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ജലസുരക്ഷ ജനപങ്കാളിത്തത്തോടെ എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി സ്വാഭാവിക ജല സ്രോതസുകളുടെ സംരക്ഷണത്തിനാവശ്യമായ പദ്ധതികൾ രൂപ കല്പന ചെയ്തിട്ടുണ്ട്. കൂടാതെ ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും കുളങ്ങളും കിണറുകളും പുനരുദ്ധരിക്കുന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നു |

സെക്ഷൻ ഓഫീസർ